പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 204 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ സ്ഥാപനങ്ങൾക്കായി വിജിലൻസ് വിംഗ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. കല്ലട മാഹിൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി:

സഹകരണ സംഘങ്ങളിൽ ജനാധിപത്യ ക്രമത്തിലൂടെ തെരഞ്ഞടുക്കപ്പെട്ട ഭരണസമിതി അംഗങ്ങളാണ് സംഘത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതും ഏകോപിപ്പിക്കുന്നതും. സംഘത്തെ സംബന്ധിച്ച നയപരമായ തീരുമാനങ്ങൾ എടുക്കുന്നതും സംഘത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും സംഘം ജീവനക്കാർക്കെതി രെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും ഈ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയാണ്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലാണ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. സംഘത്തിന്റെ പ്രവർത്തനങ്ങൾ സുഗമവും, സുതാര്യവുമാക്കുന്നതിന് ഇൻസ്പെക്ഷൻ, ആഡിറ്റ് എന്നിവ വകുപ്പ് നടത്തുന്നു. ടി പരിശോധനകളിൽ കണ്ടെത്തുന്ന ക്രമക്കേടുകളിന്മേൽ 1969-ലെ സഹകരണ നിയമം വകുപ്പ് 65, 66, 68 എന്നീ നടപടികൾ സ്വീകരിക്കാറുണ്ട്. ക്രമക്കേടുകൾ ശ്രദ്ധയിൽപെട്ടാൽ പോലീസ് അന്വേഷണം ആവശ്യമായ കേസുകളിൽ അടിയന്തിരമായി പോലീസിന് കൈമാറുകയും ചെയ്യുന്നു. സംഘത്തിലെ ക്രമക്കേടുകളെ കുറിച്ച് ലഭിക്കുന്ന പരാതികളിൽ വിജിലൻസ് അന്വേഷണം താമസംവിനാ നടത്തുന്നുണ്ട്.

1. 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65 അന്വേഷണം :

സഹകരണ സംഘങ്ങളിലെ പരിശോധനകളിൽ ഏതെങ്കിലും തരത്തിലുള്ള ധനാപഹരണം, ധനദുർവിനിയോഗം, ഭരണ നിർവ്വഹണത്തിലെ കെടുകാര്യസ്ഥത, സഹകരണ നിയമം, ചട്ടം, സംഘം നിയമാവലി എന്നിവ പാലിക്കാതെയുള്ള പ്രവർത്തനങ്ങൾ, സഹകരണ ആഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്/അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട്/സ്പെഷ്യൽ റിപ്പോർട്ടിന്മേൽ സംഘത്തിലെ ഭ്രരിപക്ഷം അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ അല്ലെങ്കിൽ ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്നിൽ കുറയാത്തതോ അല്ലെങ്കിൽ പൊതുയോഗ ക്വോറത്തിനാവശ്യമായ എണ്ണം അംഗങ്ങളോ ഏതാണോ കുറവ് അവരുടെ അപേക്ഷയിന്മേൽ, ധനസഹായ ബാങ്കിന്റെ അപേക്ഷയിന്മേൽ, അഫിലിയേറ്റ് ചെയ്ത സംഘം ഭരണസമിതിയുടെ അപേക്ഷയിന്മേൽ സഹകരണ സംഘം രജിസ്ട്രാർക്ക് വകുപ്പ് 65 പ്രകാരം അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പ് 65 പ്രകാരമുള്ള 48 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 66 പരിശോധന :

ഒരു സംഘത്തിന്റെ കണക്കുപുസ്തകങ്ങൾ, രേഖകൾ, പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ചുള്ള പ്രത്യേക പരിശോധനയാണിത്. രജിസ്ട്രാർക്ക് സ്വമേധയായോ, അല്ലെങ്കിൽ നിക്ഷേപകരുടെയോ, അംഗങ്ങളുടെയോ പരാതിയുടെ അടിസ്ഥാനത്തിലോ വകുപ്പ് 66(2) പരിശോധന നടത്താവുന്നതാണ്. ടി പരിശോധനകളിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

3. 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 68(1), 68(2):

വകുപ്പ് 63 ഓഡിറ്റ്, വകുപ്പ് 65, വകുപ്പ് 66 പരിശോധന എന്നിവയിൽ ഏതെങ്കിലും ഒന്നിലൂടെ സംഘത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ ഈ വകുപ്പുകൾ പ്രകാരം സംഘത്തിന് നഷ്ടം വരുത്തിയ വ്യക്തികൾ, ജീവനക്കാർ, ഭരണ സമിതി അംഗങ്ങൾ എന്നിവരിൽ നിന്നും നഷ്ടം വരുത്തിയ തുക പലിശ സഹിതം തിരിച്ചു പിടിക്കാവുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പുതല പരിശോധനകളുടെയും അന്വേഷണങ്ങളുടെയും പുരോഗതികൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ മുന്നോടിയായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനനുബന്ധമായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരുടെ നേതൃത്വത്തിലുള്ള സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. സഹകരണ വിജിലൻസ് ആഫീസർ:

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സഹകരണ വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സഹകരണ വിജിലൻസിന്റെ മൂന്ന് മേഖലാ ആഫീസുകൾക്കും ഈ സർക്കാറിന്റെ കാലത്ത് പുതിയ വാഹനം അനുവദിച്ചിട്ടുള്ളതാണ്.

5. ഏകീകൃത സോഫ്റ്റ് വെയർ

സംസ്ഥാനത്തെ സഹകരണ മേഖലയുടെ വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന സർക്കാർ സ്വന്തം നിലയിൽ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ യൂണിഫോം സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ സഹകരണ മേഖലയുടെ സുതാര്യത, കാര്യക്ഷമത, വിശ്വാസ്യത എന്നിവ വർദ്ധിക്കുകയും, ബാങ്കിംഗ് സേവനങ്ങൾ ജനങ്ങൾക്ക് കൂടുതൽ വേഗത്തിലും സുരക്ഷിതമായും ലഭ്യമാക്കാൻ സാധിക്കുകയും ചെയ്യും.

(ബി) എങ്കിൽ ഇതിനായി വിജിലൻസ് വിംഗിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

മറുപടി:

സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ സഹകരണ വിജിലൻസ് വിഭാഗം 2008 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. സഹകരണ വിജിലൻസ് ഓഫീസറായി നിലവിൽ സൂപ്രണ്ട് ഓഫ് പോലീസ് (എസ്.പി) റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് സേവനമനുഷ്ഠിച്ചു വരുന്നത്. തിരുവനന്തപുരം ആസ്ഥാനമായി സഹകരണ വിജിലൻസ് ആസ്ഥാന കാര്യാലയവും, ഡി.വൈ.എസ്.പി -മാരുടെ നിയന്ത്രണത്തിൽ ആലപ്പുഴ ആസ്ഥാനമായി ദക്ഷിണ മേഖലാ കാര്യാലയം, തൃശ്ശൂർ ആസ്ഥാനമായി മധ്യമേഖലാ കാര്യാലയം, കണ്ണൂർ ആസ്ഥാനമായി ഉത്തര മേഖലാ കാര്യാലയം എന്നിങ്ങനെ 3 മേഖലാ ആഫീസുകളും പ്രവർത്തിച്ചു വരുന്നു.

വകുപ്പുതല പരിശോധനകളുടെയും അന്വേഷണങ്ങളുടെയും പുരോഗതികൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ മുന്നോടിയായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനനുബന്ധമായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരുടെ നേതൃത്വത്തിലുള്ള സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സഹകരണ മേഖലയിലെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഇൻസ്പെക്ഷൻ സെൽ മുഖേനയും, ആഭ്യന്തര വിജിലൻസ് സെൽ മുഖേനയും, ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർമാർ മുഖേനയും അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു .

കൂടാതെ സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ആഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിച്ച് വരുന്നു. കേരള സഹകരണ നിയമം വകുപ്പ് 68 B

പ്രകാരം ഗവൺമെന്റിനോ സഹകരണ സംഘം രജിസ്ട്രാർക്കോ ക്രമക്കേട് നടന്ന സംഘങ്ങളിൽ അന്വേഷണം നടത്തുന്നതിന് പോലീസിനോ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കോ കൈമാറാവുന്നതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

സഹകരണ വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് സഹകരണ വിജിലൻസിന്റെ മൂന്ന് മേഖലാ ആഫീസുകൾക്കും പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുള്ളതാണ്.

സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ ആരോപിക്കപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് സഹകരണ വിജിലൻസിനെ ചുമതലപ്പെടുത്തി വരുന്നതും സഹകരണ വിജിലൻസിൽ നിന്ന് ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടുകളിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സഹകരണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗസ്ഥർക്ക് സഹകരണ നിയമങ്ങളും ചട്ടങ്ങളും ആവശ്യമായ പരിശീലനം നൽകി സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളിൽ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ നടത്തി വരുന്ന പരിശോധന കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓൺ ലൈൻ ഇൻസ്പെക്ഷൻ പ്ലാറ്റ്ഫോം(CIMA) വികസിപ്പിച്ചിട്ടുള്ളതും ആയത് കാര്യക്ഷമമായി നടന്നുവരുന്നതുമാണ്. സാമ്പത്തിക ക്രമക്കേടുകൾ മൂലം നിക്ഷേപം തിരികെ നൽകാൻ കഴിയാത്ത സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താത്പര്യം സംരക്ഷിക്കുന്നതിനു BUDS Act പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) നിക്ഷേപങ്ങൾ കൃത്യസമയത്ത് തിരിച്ചുനൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി:

1. **വിശ്വാസ് പദ്ധതി:**

സഹകരണ മേഖലയിൽ നിലനിൽക്കുന്ന നിക്ഷേപം തിരികെ നൽകാനാകാത്ത അവസ്ഥയ്ക്ക് പരിഹാരമായും നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുന്നതിനുമായി 'വിശ്വാസ്' എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാപദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

വിവിധ കാരണങ്ങളാൽ നിക്ഷേപ തുക സമയബന്ധിതമായി നിക്ഷേപകർക്ക് തിരികെ നല്കാനാകാതെ പ്രതിസന്ധിയിലായ സഹകരണ സംഘങ്ങളെ കണ്ടെത്തി, ആയതിനുള്ള കാരണം തിരിച്ചറിഞ്ഞു അതിനനുസരണമായി ഓരോ സംഘങ്ങൾക്കും പ്രത്യേക രക്ഷാപാക്കേജ് തയ്യാറാക്കി നിക്ഷേപകർക്ക് നിക്ഷേപ തുക തിരികെ ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായുള്ള പ്രാഥമിക കണക്കെടുപ്പിൽ 450 സംഘങ്ങൾക്ക് നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത സാഹചര്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

- അതോടൊപ്പം ഇത്തരത്തിൽ പ്രതിസന്ധിയിലായതിൽ കരകയറാനാകുന്ന സംഘങ്ങൾക്ക് സഹകരണ നിയമ പ്രകാരമുള്ള പുനരുദ്ധാരണ നിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കി അവരെ പ്രവർത്തന പന്ഥാവിലെത്തിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.
- സഹകരണ നിയമം വകുപ്പ് 57 B പ്രകാരമുള്ള നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീമിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് പ്രതിസന്ധിയിലാകുന്ന സംഘങ്ങളിലെ നിക്ഷേപകർക്കും വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപ തുക നല്കാൻ കഴിയുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.
- ഇത്തരത്തിൽ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും നിക്ഷേപകർക്ക് തുക നൽകുന്നതിനായി വലിയ ബാധ്യത വരും എന്നത് കൂടി കണക്കിലെടുത്തു സംസ്ഥാനത്തു നിക്ഷേപം സ്വീകരിക്കുന്ന മുഴുവൻ സംഘങ്ങളെയും നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗമാക്കാൻ വേണ്ടിയുള്ള തീവ്രയജ്ഞ പരിപാടിയും ഈ പദ്ധതിയുടെ ഭാഗമാണ്.

2. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018 :

അംഗങ്ങൾ സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ഗ്യാരന്റി നൽകുക വഴി നിക്ഷേപകർക്ക് ആത്മവിശ്വാസം വളർത്താനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനുമായി രൂപീകരിച്ച പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. നിലവിലുള്ള വ്യവസ്ഥ പ്രകാരം ഓരോ സഹകരണ സംഘവും ബാക്കിനിൽപ്പുള്ള നിക്ഷേപ തുകയുടെ വാർഷിക നിരക്കായ 0.10 ശതമാനവും തുർന്നുള്ള വർഷങ്ങളിൽ നിക്ഷേപ വർദ്ധനവിന്റെ 0.12 ശതമാനവും ആണ് ഫണ്ടിലേക്ക് പ്രീമിയമായി അടയ്ക്കേണ്ടത്. കേരള സംസ്ഥാന സഹകരണ നിയമം, 1969 പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും, സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും സെറ്റിൽമെന്റ് ഓഫ് ക്ലെയിം ആയി നൽകുന്നു. നിക്ഷേപകൻ അധിക വിഹിതം അടയ്ക്കുന്ന പക്ഷം, പരമാവധി തുക 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി ഭേദഗതി ചെയ്തിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധി കാരണം നിക്ഷേപം മടക്കിനൽകാൻ സാധിക്കാത്ത സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 ൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി (ഭേദഗതി) പദ്ധതി 2024 രൂപീകരിച്ചിട്ടുള്ളതാണ്. അംഗസംഘങ്ങൾ അടയ്ക്കുന്ന സംഭാവനകൾക്ക് പുറമെ, സർക്കാർ സഹായവും ഈ ഫണ്ടിലേക്ക് ലഭ്യമാക്കാവുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ ചേരാതെ മാറിനിൽക്കുന്ന സംഘങ്ങളെ പൂർണ്ണമായും നിക്ഷേപഗ്യാരന്റി പദ്ധതിയുടെ ഭാഗമാക്കി പദ്ധതി വിപുലീകരിക്കുന്നത്, സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം സ്വീകരിക്കുന്ന 7686 സംഘങ്ങളിൽ 4414 സംഘങ്ങൾ നിക്ഷേപ ഗ്യാരന്റി സ്കീമിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതിൽ 4007 സംഘങ്ങൾ സ്കീമിൽ അംഗത്വമെടുത്തിട്ടുണ്ട്. അംഗത്വമെടുക്കാത്ത ഉദ്ദേശം മൂവായിരത്തോളം സംഘങ്ങളെ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേർക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചു വരുന്നു. ടി സംഘങ്ങൾ കൂടി അംഗത്വം എടുക്കുന്നതോടെ നിക്ഷേപ ഗ്യാരന്റി ഫണ്ടിലെ തുക ഗണ്യമായി വർദ്ധിക്കുന്നതാണ്. മുൻ വർഷങ്ങളിൽ അംഗത്വം എടുത്തതും എന്നാൽ അംഗത്വം പുതുക്കാത്തതുമായ സംഘങ്ങൾക്ക് പിഴപലിശ ഒടുക്കാതെ അംഗത്വം പുതുക്കുന്നതിനുള്ള സമയപരിധി 2026 ഡിസംബർ 31 വരെ നീട്ടിനൽകിയിട്ടുണ്ട്. കൂടാതെ 2025-26 വർഷം അംഗത്വം പുതുക്കേണ്ട സംഘങ്ങൾക്ക് അംഗത്വം പുതുക്കുന്നതിനുള്ള സമയപരിധി 2026 ഒക്ടോബർ 31 വരെയും നീട്ടിനൽകിയിട്ടുണ്ട്. നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ ഭരണ സമിതി നിലവിൽ വരുന്ന മുറയ്ക്ക് കൂടുതൽ സമയം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്. സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേരാതെ മാറിനിൽക്കുന്ന സംഘങ്ങളെ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേരുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിക്ഷേപ ഗ്യാരന്റി ഉറപ്പാക്കിയിട്ടുള്ള സംഘങ്ങളുടെ പട്ടിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

ലിക്വിഡേഷനിലല്ലാത്ത സംഘങ്ങളിലെ നിക്ഷേപകർക്കുകൂടി നിക്ഷേപം തിരികെ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് നിക്ഷേപ ഗ്യാരന്റി സ്കീം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2026-27 സാമ്പത്തിക വർഷത്തേക്കുള്ള സഹകരണവകുപ്പിന്റെ ബഡ്ജറ്റിൽ സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിലേക്കുള്ള

സർക്കാർ വിഹിതമായി നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് ധനസഹായം (സബ്സിഡി) പദ്ധതി പ്രകാരം 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. സംസ്ഥാനതല മോണിറ്ററിംഗ് സെൽ:

- വകുപ്പുതല അന്വേഷണങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നിക്ഷേപകരുടെ തുക ഘട്ടങ്ങളായി തിരികെ നൽകുന്നതിനുമായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും (State Level Monitoring Cell) രൂപീകരിക്കുകയും, "വിശ്വാസ് പദ്ധതി" യുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് പേരടങ്ങുന്ന ഉദ്യോഗസ്ഥരാണ് നിലവിൽ മോണിറ്ററിങ് സെല്ലിൽ പ്രവർത്തിച്ചുവരുന്നത്.
- വകുപ്പുതല അന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി 68(2) പ്രകാരമുള്ള സർചാർജ് നടപടികളിലൂടെ ഈടാക്കേണ്ട തുക ബന്ധപ്പെട്ട ഉത്തരവാദികളിൽ നിന്ന് കൃത്യമായി ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തുക എന്നതാണ് സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന്റെ ലക്ഷ്യം.
- മേൽ പ്രകാരം ഈടാക്കുന്ന തുക നിക്ഷേപകർക്ക് സുതാര്യമായും സമയബന്ധിതമായും തിരികെ നൽകുന്നതിനുള്ള വ്യവസ്ഥകളും ക്രമീകരണങ്ങളും വിശ്വാസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ ഓൺ ലൈൻ ഇൻസ്പെക്ഷൻ പ്ലാറ്റ്ഫോം(CIMA) വഴി വിശദ പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ